**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**പത്രക്കുറിപ്പ്**

## കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (KMAT 2026 - സെഷൻ I)

## ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

2026 ഫെബ്രുവരി 22-ന് കേരളത്തിലെ എല്ലാ ജില്ലകളിലുമായി വിവിധ കേന്ദ്രങ്ങളിൽ വച്ച് നടന്ന, 2026 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ (KMAT) ഉത്തരസൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in -ൽ പ്രസിദ്ധീകരിച്ചു.

ഉത്തരസൂചികയെയോ ചോദ്യങ്ങളെയോ സംബന്ധിച്ച് ആക്ഷേപമുള്ള വിദ്യാർത്ഥികൾക്ക് 26.02.2026 രാവിലെ 11.00 മണി വരെ ഓരോ ചോദ്യത്തിനും 200/- രൂപ ഓൺലൈനായി ഒടുക്കി കാൻഡിഡേറ്റ് പോർട്ടലിലൂടെ പരാതികൾ സമർപ്പിക്കാവുന്നതാണ്. കാൻഡിഡേറ്റ് പോർട്ടലിലെ 'Answer Key Challenge എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് പരാതികൾ നൽകാം. സമർപ്പിച്ച പരാതി ശരിയാണെന്ന് ബോധ്യപ്പെട്ടാൽ, ആ ചോദ്യത്തിന് അടച്ച ഫീസ് വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള അക്കൗണ്ട് നമ്പറിലേക്ക് തിരികെ നൽകുന്നതാണ്. നിശ്ചിത സമയത്തിനകം ഫീസ് അടയ്ക്കാത്ത പരാതികളും തപാൽ, ഇ-മെയിൽ മുഖേനയോ നേരിട്ടോ ലഭിക്കുന്ന പരാതികളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.inഎന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക .

**ഹെൽപ് ലൈൻ നമ്പർ : 0471-2332120**

തിരുവനന്തപുരം
23-02-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Digitally signed by
ARUN S NAIR
Date: 23-02-2026
15:51:00